(സി) ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ഓഫീസിൽനിന്നും 705/15/VIP/ MR&C നമ്പരായി ലഭിച്ച പരാതി ഇ 12-22972/15 നമ്പരായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പാലാ റവന്യൂ ഡിവിഷണൽ ഓഫീസർക്കും കോട്ടയം സീനിയർ ജിയോളജിസ്റ്റിനും കോട്ടയം ജില്ലാ കളക്ടർ അയച്ച് കൊടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം

60 (2553) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് അസ്ഥാന നിർമ്മാണത്തിന് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾക്കുള്ള ഫയൽ (U3/6623/13) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത ഫയലിൽമേൽ സ്വീകരിച്ച തുടർനടപടികളും ഫയലിന്റെ ഇപ്പോഴത്തെ നിലയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5-2-2013-ലാണ് റവന്യൂ വകുപ്പിന്റെ പരിഗണനയിൽ വന്നത്.

(ബി) നിർദ്ദിഷ്ട ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച വ്യക്തമായ തീരുമാനമെടുത്തിന് ശേഷം റവന്യൂ ഭൂമിയാക്കി മാറ്റുന്നതിനായി കൊല്ലം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ 20-3-2013-ൽ ജലവിഭവ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ജലവകുപ്പിന്റെ ഭൂമി റവന്യൂവകുപ്പിൽ നിക്ഷിപ്തമാക്കുവാനും നിലവിലെ വ്യവസ്ഥകൾ പാലിച്ച് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ 31-1-2014-ൽ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ യടിസ്ഥാനത്തിൽ 27-9-2014-ൽ ജില്ലാകളക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തു. പ്രൊപ്പോസൽ സഹിതം ഫയൽ 3-12-2014-ൽ ആഭ്യന്തരവകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും 20-1-2015-ൽ തിരികെ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഭൂമി കൈമാറി നൽകുന്നതിനുള്ള അനുമതി തേടുന്നതിനായി 11-3-2015-ൽ ഫയൽ ധനകാര്യവകുപ്പിന് നൽകി 19-5-2015-ന് അഭിപ്രായം ലഭ്യമാക്കിയ ശേഷം വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly